**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** **10-06-2024 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്, തൊടിയൂർ, ക്ലാപ്പന, കുലശേഖരപുരം കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമിക്കുന്നതിന് യഥാക്രമം 1 കോടി, 2 കോടി, 1 കോടി, 1 കോടി വീതം രൂപ അനുവദിക്കുകയും ആയതിന്റെ 20 ശതമാനം തുക വകയിരുത്തിയിട്ടുമുള്ള സാഹചര്യത്തിൽ പ്രസ്തുത ആശുപത്രികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | 2022-23-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദവിവരങ്ങൾ - വാല്യം II-ൽ ക്രമ നമ്പർ 2726 ആയി ഉൾപ്പെടുത്തിയിട്ടുള്ള 'ക്ലാപ്പന കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് 5 കോടി രൂപ വകയിരുത്തിയിരിരുന്നു. ടി പ്രവൃത്തിയ്ക്ക് അത്രയും തുക ആവശ്യമായി വരാത്തതിനാൽ, ടി തുക കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊടിയൂർ കുടുംബാരോഗ്യ കേന്ദ്രം (2 കോടി), തഴവ കുടുംബാരോഗ്യ കേന്ദ്രം (1 കോടി), ക്ലാപ്പന കുടുംബാരോഗ്യ കേന്ദ്രം (1 കോടി), ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രം (1 കോടി) എന്നീ നാല് പ്രവൃത്തികൾക്കായി അനുവദിച്ചിരുന്നു. ക്ലാപ്പന, തൊടിയൂർ, ആലപ്പാട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ആയിട്ടില്ല. വള്ളിക്കാവ് (ക്ലാപ്പന) കുടുംബാരോഗ്യ കേന്ദ്രത്തിൽ കെട്ടിടം നിർമിക്കുന്നതിന് സ്ഥലം വാങ്ങിയതേ ഉള്ളൂ. ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു കോടി രൂപ അടങ്കൽ തുക അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും ആയത് പിന്നീട് ഭേദഗതി വരുത്തി പ്രസ്തുത തുക അഴീക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിട്ടുള്ളതാണ്.<br>കുലശേഖരപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ കെട്ടിട നിർമ്മാണത്തിന് 2022-23 സാമ്പത്തികവർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. |
| (ബി) | ഭരണാനുമതി ലഭിക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | രണ്ടുവർഷം കഴിഞ്ഞിട്ടും ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഭരണാനുമതി ലഭിച്ച ആശുപത്രിയുടെ നിർമാണം ആരംഭിച്ചോ; നടപടിക്രമങ്ങൾ പൂർത്തിയാക്കി ബാക്കിയുള്ള പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭരണാനുമതി ലഭിച്ച കുലശേഖരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. വള്ളിക്കാവ് (ക്ലാപ്പന), തൊടിയൂർ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കെട്ടിടം നിർമിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ